**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 102 — 05/03/2018-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.സി.കെ. ശശീന്ദ്രൻ**<br>**ശ്രീ.സി.കെ.ഹരീന്ദ്രൻ** | | | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സാധാരണക്കാരുടെ കുട്ടികൾ വളരെയധികം ആശ്രയിക്കുന്നവയും ഏറെക്കുറെ പൊതുവിദ്യാലയങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നവയുമായ എയ്ഡഡ് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ പദ്ധതി വിഹിതം വഹിക്കുന്ന ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ചലഞ്ച് ഫണ്ട്. സ്കൂൾ മാനേജ്മെന്റ് അല്ലെങ്കിൽ സ്കൂൾ സംരക്ഷണ സമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം (പരമാവധി ഒരു കോടി രൂപ വരെ) നടത്തുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിലും ചലഞ്ച് ഫണ്ട് പദ്ധതി തുടരുന്നതാണ്. |
| (ബി) | ഗൗരി നേഘയുടെ മരണത്തിനിടയാക്കിയവരോടുള്ള സ്കൂൾ അധികൃതരുടെ സമീപനവും മുന്നിയൂർ സ്കൂളിലെ അധ്യാപകനായിരുന്ന കെ.കെ.അനീഷിന്റെ ആത്മഹത്യയിലേയ്ക്ക് നയിച്ചത് പോലെയുള്ള സംഭവങ്ങളും അനധികൃത സ്കൂൾ കൈമാറ്റം, സുതാര്യമല്ലാത്ത അധ്യാപക നിയമനം തുടങ്ങിയ മാനേജ്മെന്റുകളുടെ ആശാസ്യകരമല്ലാത്ത പ്രവർത്തനങ്ങളും കർശനമായി നിയന്ത്രിക്കാൻ വേണ്ട ഇടപെടൽ സാധ്യമാകുമോ; | (ബി) | മാനേജ്മെന്റുകളുടെ ആശാസ്യകരമല്ലാത്ത എല്ലാ പ്രവർത്തനങ്ങളും കർശനമായി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ സാധ്യമാകുന്നതാണ്. |

| | |
|---|---|
| (സി) നിരവധി എയ്ഡഡ് വിദ്യാലയങ്ങളിൽ ജാതിമത ഭിന്നതകൾ നിലനിർത്തുന്നതായും അച്ചടക്കത്തിന്റെ പേരിൽ ജനാധിപത്യ മൂല്യങ്ങൾ നിരുൽസാഹപ്പെടുത്തുന്നതായും ഉള്ള ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിദ്യാലയങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ നടപടിയെടുക്കുമോ? | (സി) പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാർ നയം അതിന്റെ ഭാഗമായി, സർക്കാർ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. എന്നാൽ, എയ്ഡഡ് വിദ്യാലയങ്ങളെ മാറ്റി നിർത്തി സർക്കാർ വിദ്യാലയങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുന്ന നടപടി സ്വീകരിക്കാനുമാവില്ല. അതോടൊപ്പം, ചില എയ്ഡഡ് സ്കൂളുകളിൽ പ്രകടമാകുന്ന അനഭിലഷണീയ പ്രവണതകൾക്കെതിരെ സർക്കാർ ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ